# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.222** **10.12.2014-ൽ മറുപടിക്ക്**

## മരുന്ന് കുറിക്കുന്നതിനായി ഡോക്ടർമാർക്ക് നല്കുന്ന പാരിതോഷികം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, കെ.ശിവദാസൻ നായർ**<br>**,, ഹൈബി ഈഡൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡോക്ടർമാർ മരുന്ന് കുറിക്കാൻ, മരുന്ന കമ്പനികളിൽ നിന്നും പാരിതോഷികം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഹോമിയോ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നീ വിഭാഗങ്ങളിൽ നിന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ആരോഗ്യ വകുപ്പിൽ, മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ ഇതുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, വിശദമായ അന്വേഷണത്തിന വേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയും ചെയ്യുന്നു. ടിയാൾ ഇപ്പോഴും സസ്പെൻഷനിൽ തുടരുകയുമാണ്. |
| (ബി)ഇത് തടയാൻ സ്വീകരിക്കുന്ന മർഗ്ഗങ്ങൾ വ്യക്തമാക്കുമോ; | (ബി) മരുന്നുകൾ ജനറിക് പേരിൽ കുറിച്ച് കൊടുത്താൽ ഇത്തരം പരാതികൾ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകൾ ഇന്റന്റ് ചെയ്യുന്നതും, കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്യുന്നതും ജനറിക് നാമധേയത്തിൽ ആണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾ തന്നെ രോഗികൾക്ക് കുറിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ, അവിടെ ലഭ്യമാകാത്ത മരുന്നുകൾ മാത്രമേ പുറത്തു നിന്നു വാങ്ങാൻ നിർദ്ദേശിക്കാറുള്ളൂ. |

(സി) കമ്പോള താൽപര്യങ്ങൾക്കനുസരിച്ച് വിലകൂടിയ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

(സി) രോഗികൾക്ക്, പുറത്തേയ്ക്ക് മരുന്ന് കുറിച്ചുകൊടുക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിക്ക് തുടക്കമിട്ടത്. ഇതിന്റെ ഭാഗമായി 698 ജനറിക് മരുന്നുകളാണ് ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലായി സൗജന്യമായി വിതരണം ചെയ്യുന്നത്. ഇതിനു പുറമെ, ക്യാൻസർ ചികിൽസക്കുള്ള 73 ഇനം മരുന്നുകളും സൗജന്യമായി നല്കി വരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ മരുന്നു ലഭ്യമല്ലെങ്കിൽ, ലോക്കൽ പർച്ചേഴ്സ് മുഖേന ഇത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ ഖണ്ഡിക 1.5 പ്രകാരം ജനറിക് മരുന്നുകൾ തന്നെ രോഗികൾക്ക് കുറിച്ച് നല്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

Sobha

സെക്ഷൻ ഓഫീസർ